# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

27-06-2019 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 5252

## അഴീക്കോട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | കയ്പമംഗലം നിയോജക മണ്ഡലത്തിലെ അഴീക്കോട് നിർമ്മാണം പൂർത്തീകരിച്ച മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ എന്തെല്ലാം കോഴ്സുകളാണ് നടത്തിവരുന്നതെന്നും ഏതെല്ലാം കോഴ്സുകൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ ; | (എ) യും (ബി) യും | കൊടുങ്ങല്ലൂരിലെ കേരളാ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ 4 ദിവസത്തെ ബോട്ട് ക്രൂ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് പ്രോഗ്രാം 03/09/2011 മുതൽ നടത്തിവന്നിരുന്നു. എന്നാൽ നീണ്ടകര, കൊടുങ്ങല്ലൂർ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് കൂടുതൽ മികച്ച കോഴ്സുകൾ തുടങ്ങുന്നതിന്റെ ഭാഗമായി ടി പ്രോഗ്രാം ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. Pre-Sea, Inland Certification, Basis Safety എന്നീ സിലബസുകളിൽ Director General of Shipping ന്റെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള കോഴ്സുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഈ സ്ഥാപനത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് നാല് വർഷം കഴിഞ്ഞിട്ടും യഥാവിധം കോഴ്സുകൾ നടത്താത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | | |
| (സി) | ഇവിടെ കോഴ്സുകൾ നടത്താതെ വന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ